(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-12/1314/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:10.12.2018

E-mail-doidk.ksad@kerala.gov.in

Phone : 04862227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
രാജാക്കാട് ഗ്രാമ പഞ്ചായത്ത്

(സെക്രട്ടറി മുഖേന)

സർ,

വിഷയം :- രാജാക്കാട് ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-12/1314/2018 തീയതി:10.12.2018

# ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 29.08.2017 മുതൽ 22.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.11.2018 മുതൽ 30.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. വി.ജി. സജിമോൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.കെ അഭിലാഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. മേജോ കെ.ജോർജ്ജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സാമുവൽ രാജ് ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എം.എസ്. സതി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ പി.കെ സതീഷ് കുമാർ | 01.04.2017 മുതൽ 10.06.2017 വരെ |
| | ശ്രീ. കെ.റ്റി മാത്യു | 11.06.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ പി.എം. മുഹ്സിൻ | 01.04.2017 മുതൽ 02.07.2017 വരെ |
| | ശ്രീമതി റ്റി.കെ കാഞ്ചന | 03.07.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ ബി.ഷിബു | 01.04.2017 മുതൽ 05.10.2017 വരെ |
| | ശ്രീമതി എ.വൈ അനീഷ | 06.10.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ഇ.കെ ഷാജി | 01.04.2017 മുതൽ 09.10.2017 വരെ |
| | ശ്രീമതി. ആർ. ബീന | 10.10.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. ഗോപിനാഥൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. എൻ. എസ് നൗഷാദ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. സന്തോഷ് | 01.04.2017 മുതൽ 04.04.2017 വരെ |
| | ഡോ അനൂപ് ജിയോ ജോസ് | 05.04.2017 മുതൽ 06.10.2017 വരെ |
| | ഡോ. സിബി സോന | 07.10.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജിൻസി തോമസ് | 01.04.2017 മുതൽ 24.05.2017 വരെ |
| | ശ്രീ.ജിജോ ജോയി | 25.05.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ഉഷാ സ്റ്റീഫൻ | 01.04.2017 മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ബിനേഷ് തോമസ് | 01.04.2017 മുതൽ 31.03.2018വരെ |

## ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നം | വിഷയം |
|---|---|---|
| ഭാഗം-1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |

| | | |
|---|---|---|
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം-2 | | |
| 13 | 2-1 | വസ്തു നികുതി 23.53 ലക്ഷം കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. |
| 14 | 2-2 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. |
| 15 | 2-3 | ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല |
| ഭാഗം-3 | | |
| 16 | 3-1 | പട്ടികവർഗ്ഗ ഉപപദ്ധതി -അനുവദിച്ച ഫണ്ട് ചെലവഴിച്ചിട്ടില്ല. |
| 17 | 3-2 | അസി.എൻജിനീയറുടെ പ്രോജക്ടുകൾ-ആസൂത്രണം ചെയ്തവ 82, നടപ്പാക്കിയത് 48 |
| 18 | 3-3 | അസി.എൻജിനീയറുടെ അക്കൗണ്ടിലെ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് സർക്കാരിലേക്ക് അടവാക്കിയില്ല |
| 19 | 3-4 | റോഡ് ടാറിംഗ് പ്രവൃത്തികൾ- ബാരൽ വില പൂർണ്ണമായും ഈടാക്കിയില്ല. നഷ്ടം ₹3780/- |
| 20 | 3-5 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല. |
| 21 | 3-6 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകി |
| 22 | 3-7 | വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല |

| | | |
|---|---|---|
| | | |
| 23 | 3-8 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പെട്ടിക്കട-പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ |
| 24 | 3-9 | എൻ.ആർ.ഇ.ജി.എസ്- നിർമാണപ്രവൃത്തികൾക്ക് സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ഈടാക്കിയ വാറ്റ് സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. |
| 25 | 3-10 | പശ്ചിമ ഘട്ട വികസന പദ്ധതി |
| ഭാഗം-4 | | |
| 26 | 4-1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 29 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 30 | 4-5 | സ്ഥിര നിക്ഷേപം |
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 33 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 34 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-10 | തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| 36 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 37 | അനുബന്ധം-2 | ഓഡിറ്റ് ചെയ്ത പത്രികകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 30.03.2017ലെ 1-1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് ബജറ്റ് 24.3.2017 നം അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 214 (1) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സെക്രട്ടറി, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ച് അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ വിശദമായ പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിശ്ചിത സമയക്രമത്തിനുള്ളിൽ ബജറ്റ് അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 2017-18 ലെ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 39124439.00 |
| വരവ് | 116980800.00 |
| ചെലവ് | 60247500.00 |
| നീക്കിയിരിപ്പ് | 95857739.00 |

ബജറ്റ് പ്രകാരമുള്ള നികുതി വരുമാനങ്ങളുടെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യതിയനമുണ്ട്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (ലക്ഷത്തിൽ) | ഡിമാന്റ് (കുടിശിക ഉൾപ്പടെ ലക്ഷത്തിൽ) | യഥാർത്ഥ വരവ് (കുടിശിക, മുൻകൂർ ഉൾപ്പടെ ലക്ഷത്തിൽ) |
|---|---|---|---|
| വസ്തു നികുതി | 24.75 | 70.84 | 47.36 |
| തൊഴിൽ നികുതി | 16.50 | 15.22 | 14.87 |
| വാടക | 8.10 | 5.08 | 4.11 |
| ലൈസൻസ് | 0.07 | 1.92 | 1.81 |

പഞ്ചായത്തിന് ലഭിക്കേണ്ട എല്ലാ വരുമാനസ്രോതസുകളും കൃത്യമായും യുക്തിഭദ്രമായും വിലയിരുത്തി ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 25.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018 മുതൽ 14.06.2018 വരെ | കെ.എസ്. എ/ഐ. ഡി. കെ.3/677/2018(42) തിയതി. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8403719.00 |
| വരവ് | 76433665.00 |
| ആകെ | 84837384.00 |
| ചെലവ് | 80159933.00 |
| നീക്കിയിരിപ്പ് | 4677451.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11621000 | 11621000 | 9917602 | 1703398 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 815502 | 815502 | 677745 | 137757 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 46000 | 46000 | 0 | 46000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8661000 | 8661000 | 6545836 | 2115164 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 1556706 | 1034294 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10320665 | 10320665 | 6832408 | 3488257 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 1361185 | 1361185 | 1335749 | 25436 |
| സാക്ഷരത | 3941 | 158 | 4099 | 0 | 4099 |
| തൊഴിലുറപ്പ് പദ്ധതി | | | | | |
| തൊഴിലാളികളുടെ കൂലി | 0 | 40748699 | 40748699 | 40748699 | 0 |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 273913 | 2365148 | 2639061 | 1953699 | 685362 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 98814 | 100750 | 1199564 | 65000 | 134564 |
| പശ്ചിമഘട്ടം | 0 | 120586 | 120586 | 0 | 120586 |
| നിർമ്മൽ പുരസ്കാരം | 62206 | 246253 | 308459 | 0 | 308459 |
| ഐ.സി.ഡി.എസ് | 747625 | 521234 | 1268859 | 0 | 1268859 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വമിഷൻ | 0 | 310000 | 310000 | 310000 | 0 |
| കൃഷി വകുപ്പ് | 0 | 108500 | 108500 | 108500 | 0 |
| വിമുക്തി | 0 | 12500 | 12500 | 0 | 12500 |
| ജലനിധി | 3240025 | 26594562 | 29834587 | 29174527 | 660060 |
| സ്പോർട്സ് | 5225 | 0 | 5225 | 5225 | 0 |
| ഭവന പദ്ധതി | 47262 | 0 | 47262 | 840 | 46422 |
| | | | | | |
| ജവഹർ | 3462 | 138 | 3600 | 0 | 3600 |
| എം.പി/എം.എൽ.എ | 0 | 806277 | 806277 | 806277 | 0 |
| സംയുക്ത പ്രോജക്ടുകൾ | | | | | |
| ജില്ലാ പഞ്ചായത്ത് | 0 | 1585000 | 1585000 | 1585000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 50000 | 50000 | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 24907400 | 24907400 | 24907400 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 5451000 | 5451000 | 5451000 | 0 |
| | | | | | |
| ബാങ്ക് അക്കൗണ്ട്+ക്യാഷ് | 1384768 | 8813794 | 10198562 | 8685662 | 1512900 |
| ട്രഷറി അക്കൗണ്ട് | 696820 | 5451000 | 6147820 | 7653164 | -1505344 |
| പ്ലാൻ | 195103 | 11383 | 206486 | 0 | 206486 |
| ദുരിതാശ്വാസം | 5054 | 22032 | 27086 | 25000 | 2086 |
| മറ്റിനം | 251093 | 11590 | 262683 | 256824 | 5859 |
| മറ്റിനം | | | | | |
| ഗുണഭോക്തൃവിഹിതം | 396969 | 1698140 | 2095109 | 2095109 | 0 |
| ഡെപ്പോസിറ്റ് | 991439 | 296760 | 1288199 | 77246 | 1210953 |

കുറിപ്പ്-

1. തനത് ഫണ്ട് ബാങ്ക് മുന്നിരിപ്പിൽ 3520801.00 (ബാങ്ക്-1120003.00+2387904.00+12894.00) നിന്നും പ്രത്യേക ഉദ്ദ്യേശങ്ങൾക്കായി നിക്ഷേപിച്ച 2136033.00 (ഡെപ്പോസിറ്റ്-991439.00, ഐ.സി.ഡി.എസ്- 747625.00, ഗുണഭോക്തൃവിഹിതം-396969.00) കുറവ് ചെയ്തിട്ടുണ്ട്. (3520801.00-2136033.00=1384768.00)

2. പ്ലാൻ ഫണ്ട് ബാങ്ക് മുന്നിരിപ്പിൽ 293917.00നിന്നും പ്രത്യേക ഉദ്ദ്യേശങ്ങൾക്കായി നിക്ഷേപിച്ച (ടോട്ടൽ സാനിറ്റേഷൻ) 98814.00 കുറവ് ചെയ്തിട്ടുണ്ട്. (293917.00-98814.00=195103.00)

3. തനത് ഫണ്ട് ബാങ്ക് നീക്കിയിരിപ്പിൽ 3632465.00 (ബാങ്ക്-1039359.00+2520579.00+12894.00, ക്യാഷ്-59633.00) നിന്നും പ്രത്യേക ഉദ്ദ്യേശങ്ങൾക്കായി നിക്ഷേപിച്ച 2119565.00 ((പശ്ചിമഘട്ടം-120586.00, ഡെപ്പോസിറ്റ്-1210953.00, സാക്ഷരത-12772.00, ഐ.സി.ഡി.എസ്-752276.00, ശുചിത്വമിഷൻ-35750.00) കുറവ് ചെയ്തിട്ടുണ്ട്. (3632465.00-2119565.00=1512900.00).

4. ട്രഷറി നീക്കിയിരിപ്പിൽ (-)976261.00നിന്നും പ്രത്യേക ഉദ്ദ്യേശങ്ങൾക്കായി നിക്ഷേപിച്ച 529083.00 (വിമുക്തി-12500.00, ഐ.സി.ഡി.എസ്-529083.00) കുറവ് ചെയ്തിട്ടുണ്ട്. (-)976261.00-529083.00=(-)1505344.00)

5. പ്ലാൻ ഫണ്ട് ബാങ്ക് നീക്കിരിപ്പിൽ 305300.00നിന്നും പ്രത്യേക ഉദ്ദ്യേശങ്ങൾക്കായി നിക്ഷേപിച്ച (ടോട്ടൽ സാനിറ്റേഷൻ) 98814.00 കുറവ് ചെയ്തിട്ടുണ്ട്. (305300.00-98814.00=206486.00).

6. 28.03.2018 ന് ട്രഷറി അക്കൗണ്ടിൽ നിന്നും 1920551.00 രൂപ സർക്കാർ സഞ്ചിത നിധിയിലേയ്ക്ക് മാറ്റി. 9.4.2018 ന് തുക തിരികെ ലഭിച്ചു.

7. 2016-17 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 320200307 ഹെഡിലെ ബാധ്യത-7469403.00, 320300199 ഹെഡിലെ ബാദ്ധ്യത-1755188.00 എന്നിവ യഥാർത്ഥ ബാദ്ധ്യത തുകകൾ അല്ല. ചെലവ് ചെയ്ത ശേഷം ബാദ്ധ്യത ഹെഡിൽ നിന്നും ഇൻകം ഹെഡിലേക്ക് ചെലവ് തുക ജേണൽ എൻട്രി നടത്താത്തതിനാൽ ബാദ്ധ്യതയായി തുടരുന്നു.

8. 2016-17 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 320200308 ഹെഡിലെ ബാദ്ധ്യത-23520.00, 320900101 ഹെഡിലെ ബാദ്ധ്യത-2232.00 എന്നിവ യഥാർത്ഥ ബാദ്ധ്യത യഥാക്രമം 3041.00രൂപയും 62206.00 രൂപയുമാണ്.

9. 2016-17 ലെ ഡിസ്ട്രസ് റിലീഫ് ഫണ്ടിലെ ബാദ്ധ്യതബാലൻസ് തുക 5054.00 രൂപയാണ്. എന്നാൽ, 311100101 ഹെഡിൽ തെറ്റായി 8753.00 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

10. 2017-18 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 320300199 ഹെഡിലെ ബാധ്യത-1512500.00യഥാർത്ഥ ബാദ്ധ്യത അല്ല. ജില്ല പഞ്ചായത്ത് വിഹിതം ചെലവ് ചെയ്ത ശേഷം ബാദ്ധ്യത ഹെഡിൽ നിന്നും ഇൻകം ഹെഡിലേക്ക് തുക ജേണൽ എൻട്രി നടത്താത്തതിനാൽ ബാദ്ധ്യതയായി തുടരുന്നു. ഹെഡിലെ യഥാർത്ഥ ബാദ്ധ്യത 12500.00 ആണ്.

11. 2018-19 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 320900101 ഹെഡിലെ ബാദ്ധ്യത കൊടുത്തിരിക്കുന്നത്248485.00 എന്നാണ്. എന്നാൽ, യഥാർത്ഥ ബാദ്ധ്യത 308459.00 രൂപയാണ്.

12. ടോട്ടൽ സാനിറ്റേഷൻ 2017-18ലെ വരവ് 10050/-ആണ്. എന്നാൽ, 65000/-രൂപ വരവ് ഹെഡിൽ നിന്നുതന്നെ ചെലവ് ചെയ്തതിനാൽ വാർഷിക കണക്കിൽ വന്നിട്ടില്ല.

13. തൊഴിലുറപ്പ് പദ്ധതി ചെലവ് വാർഷിക കണക്കിൽ ബുക്ക് ചെയ്തതിനാൽ ₹3770/-യുടെ വ്യത്യാസം ഉണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 47016760 | 89 | 28499527 | 31 | 22 | 62.68 |

2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 1.06 കോടി അടങ്കലിൽ 31 പ്രോജക്ടുകൾ സ്പിൽ ഓവറും 3.64 കോടി അടങ്കലിൽ 111 പ്രോജക്ടുകൾ പുതിയതുമാണ്. സ്പിൽ ഓവറിൽ 19 പ്രോജക്ടുകളിലായി 0.57 കോടി രൂപ ചെലവഴിച്ചപ്പോൾ (53.58 ശതമാനം) പുതിയവയിൽ 70 പ്രോജക്ടുകളിലായി 2.85 കോടി രൂപയാണ് (62.67 ശതമാനം) ചെലവഴിച്ചിട്ടുള്ളത്. 2017-18 വർഷത്തിൽ ഉൾപ്പെട്ടതും എന്നാൽ ഉപേക്ഷിക്കപ്പെട്ടതുമായ പദ്ധതികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 18/2017-18 | പന്നിയാർകുട്ടി വെറ്ററിനറി സബ്സെന്റർ നിർമ്മാണം | 743318 |
| 2 | 28/2017-18 | പച്ചക്കറിക്കൃഷി വികസനം | 48693 |

| | | | |
|---|---|---|---|
| 3 | 50/2017-18 | പ്രത്യേക കന്നുകുട്ടി പരിപാലനം | 1875000 |
| 4 | 107/2017-18 | ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് | 300000 |
| 5 | 156/2017-18 | യുവശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി | 200000 |
| 6 | 2/2017-18 | ജവഹർ പദ്ധതി ലോൺ തിരിച്ചടവ് | 488169 |
| 7 | 10/2017-18 | ഹോമിയോ ആശുപത്രി മെയിന്റനൻസ് | 50000 |
| 8 | 17/2017-18 | ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരണം | 213340 |
| 9 | 31/2017-18 | പദ്ധതി രൂപീകരണ ചെലവുകൾ | 100000 |
| 10 | 34/2017-18 | സ്റ്റുഡന്റ് പോലീസ് കേഡറ്റിന് സഹായം | 50000 |
| 11 | 91/2017-18 | ജാഗ്രതാസമിതി പ്രവർത്തനം | 25000 |
| 12 | 115/2017-18 | ബയോഗ്യാസ് പ്ലാന്റ് വിതരണം | 1100000 |
| 13 | 141/2017-18 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പുതുക്കൽ | 40000 |
| 14 | 145/2017-18 | രാജാക്കാട് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ബിൽഡിംഗ് | 611262 |
| 15 | 149/2017-18 | ഹരിത സേന-വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | 300000 |
| 16 | 151/2017-18 | ലൈഫ് മിഷൻ-പണി പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള ധനസായം | 40000 |
| 17 | 8/2017-18 | കീർത്തിപുരം പാറേക്കുടി പുരയിടം ഭാഗം റോഡ് മെയിന്റനൻസ് | 100000 |
| 18 | 11/2017-18 | പരപ്പനങ്ങാടി അംഗൻവാടി മെയിന്റനൻസ് | 1841 |
| 19 | 25/2017-18 | ബസ്സ്റ്റാന്റ് റോഡ് റീടാറിംഗ് | 150000 |
| 20 | 26/2017-18 | പഞ്ചായത്ത് ഓഫീസ് റോഡ് റീടാറിംഗ് | 100000 |
| 21 | 150/2017-18 | പന്നിയാർകുട്ടി വെറ്ററിനറി സബ്സെന്റർ, ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം അധിക തുക | 100000 |
| 22 | 120/2017-18 | വീട് മെയിന്റനൻസ്-എസ്.ടി | 150000 |

2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ടുകളുടെ രൂപീകരണത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017 ഫെബ്രുവരി,മെയ്

മാസങ്ങളിൽ യോഗം ചേർന്ന് പ്രോജക്ട് നിർദേശങ്ങളും ശുപാർശകളും നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ പൊതുവായതും വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നതുമായ വിഷയങ്ങളിന്മേൽ ആഴത്തിലുള്ള ചർച്ചകളും നിർദേശങ്ങളുമുണ്ടായിട്ടില്ല. വിവിധ ഗ്രാമസഭകളിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുമുള്ള നിർദേശങ്ങൾ പരിഗണിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികളും പഞ്ചായത്ത് ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല.

പദ്ധതി പുരോഗതി വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും വിലയിരുത്തി പ്രോജക്ടുകൾ നടപ്പാക്കുന്നത് ത്വരിതപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ആകെ അടങ്കലിന്റെ 62.68 ശതമാനം തുകയേ ചെലവഴിച്ചിട്ടുള്ളൂ. തനത് ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവയുടെ ചെലവ് വിശദാംശങ്ങൾ സാംഖ്യ വെബ്ബിൽ ചേർത്തിട്ടില്ലാത്തതിനാൽ സുലേഖ സോഫ്റ്റ്‌വെയറിൽ മേൽ ഫണ്ടുകളുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ലാത്തിനാൽ സുലേഖയിൽ ചെലവ് ശതമാനം കുറവാണ്. പ്രോജക്ടുകൾ സമയബന്ധിതമായും സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിലും നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പട്ടിക വർഗ്ഗ വിഭാഗത്തിനായി ആവിഷ്കരിച്ച പ്രോജക്ട് നടപ്പാക്കിയിട്ടില്ലാത്തതിനാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ ചെലവില്ല. ഊരുകൂട്ട നിർദേശങ്ങൾ പരിഗണിച്ച് പട്ടികവർഗ്ഗ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധക്കേണ്ടതാണ്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 85.71 | 2401543 | 1303539 | 54.28 |
| വെറ്ററിനറി സർജൻ | 7 | 6 | 85.71 | 4679920 | 1596611 | 34.12 |
| മെഡിക്കൽ ഓഫീസർ-ആരോഗ്യം | 3 | 3 | 100.00 | 825000 | 825000 | 100.00 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 100.00 | 450000 | 450000 | 100.00 |
| ഗ്രാമസേവകൻ | 13 | 6 | 46.15 | 7102975 | 2799500 | 39.41 |
| ശിശുവികസന ഓഫീസർ | 5 | 4 | 80.00 | 3351000 | 2635992 | 78.66 |
| സെക്രട്ടറി | 18 | 11 | 61.11 | 5600512 | 4171620 | 74.49 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 46 | 56.10 | 20184810 | 12311095 | 60.99 |
| അസിസ്റ്റന്റ് | 4 | 4 | 100.00 | 271000 | 256170 | 94.53 |

| | | | | | | |
|---|---|---|---|---|---|---|
| സെക്രട്ടറി | | | | | | |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 100.00 | 250000 | 250000 | 100.00 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100.00 | 1900000 | 1900000 | 100.00 |
| ആകെ | 142 | 89 | 62.68 | 47016760 | 28499527 | 60.62 |

പൊതുവിഭാഗത്തിൽ 4.57 കോടിയുടെ 137 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 85 പ്രോജക്ടുകളിലായി 2.78 കോടി രൂപ ചെലവഴിച്ചു. പട്ടികജാതി വിഭാഗത്തിൽ 0.12 കോടിയുടെ 4 പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 1.48 ലക്ഷത്തിന്റെ 1 പ്രോജക്ടും 2017-18 വർഷം ആവിഷ്കരിച്ചു. പട്ടികജാതി വിഭാഗത്തിൽ 7 പ്രോജക്ടുകളിലായി 7.34 ലക്ഷം രൂപ ചെലവഴിച്ചപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച പ്രോജക്ട് നടപ്പാക്കിയില്ല. പട്ടികജാതി വിഭാഗത്തിൽ 63 ശതമാനം മാത്രമാണ് ചെലവ്.

വിവിധ മേഖലകളിൽ ആവിഷ്കരിച്ച പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 20 | 15 | 75.00 | 11699781 | 5118100 | 43.75 |
| സേവനം | 44 | 30 | 68.18 | 17910473 | 12400123 | 69.23 |
| പശ്ചാത്തലം | 78 | 44 | 56.41 | 17404506 | 10981304 | 63.09 |

പതിമൂന്ന് അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾക്കായി പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും രണ്ടെണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്ന പ്രോജക്ടുകൾ അടിയന്തിര പ്രാധാന്യത്തോടെ നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തേണ്ടതാണ്. കാർഷിക മേഖല മുഖ്യ വരുമാനമാർഗ്ഗമായ കുടുംബങ്ങളാണ് പഞ്ചായത്തിൽ അതിനാൽ കാർഷിക-മൃഗ സംരക്ഷണ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ചെറുകിട ഉല്പന്ന സംസ്കരണ യൂണിറ്റുകൾ, സംഭരണ കേന്ദ്രങ്ങൾ, ചെറുകിട സംരംഭങ്ങൾ തുടങ്ങിയവ ആരംഭിക്കണമെന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ശുപാർശകൾ നടപ്പാക്കിയിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 40748699 | 40748699 | 40748699 | 0 |
| ഭരണചെലവുകൾ | 273913 | 2365148 | 2639061 | 1953699 | 685362 |

## 1-8 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3000 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 3197500 | 293 |
| വിധവാപെൻഷൻ | 5470400 | 496 |
| വാർദ്ധക്യകാലപെൻഷൻ | 14511200 | 1285 |
| വികലാംഗപെൻഷൻ | 1512300 | 146 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 213000 | 22 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2018 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ധനകാര്യവും പൊതുഭരണവും വർക്കിംഗ് ഗ്രൂപ്പും വിവിധ ഘട്ടങ്ങളിൽ നിർദേശിച്ചിരുന്നുവെങ്കിലും പുരോഗതി നേടിയിട്ടില്ല. ജീവനക്കാരുടെ അഭാവം ഗ്രാമപഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്തുന്നുണ്ട്. പൊതുജനങ്ങൾക്ക് ഫയൽ നീക്കം നിരീക്ഷിക്കുന്നതിനായി സ്ഥാപിച്ച ടച്ച് സ്ക്രീൻ പ്രവർത്തിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് മുഖേനയും ഔട്ട് ഡോർ മുഖേനയുമുള്ള വിവിധ വരവുകൾക്ക് ഹെഡ് മാറിയാണ് പോസ്റ്റ് ചെയ്യുന്നത്. ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുകയും 2017-18 പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പ്രത്യേക ഗ്രാമസഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദേശങ്ങൾ നൽകിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നില്ല. പഞ്ചായത്തിന് ലഭിച്ച ഐ.എസ്.ഒ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞെങ്കിലും പുതുക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.09.2018 | 2018 ആഗസ്റ്റ് വരെ | 05.09.2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.08.2017 | 2015-16 വരെ | 18.09.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

29.8.2018 ന് പുറപ്പെടുവിച്ച കെ.എസ്.എ/ഐ.ഡി.കെ.3/677/2018(22) നമ്പരായ 2017-18 വാർഷിക കണക്കുകളുടെ സാക്ഷ്യപത്രത്തിലെ അപാകതകളിൽ ക്രമ നമ്പർ 3, 4, 7 എന്നിവയൊഴികെയുള്ളവ പരിഹരിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു.

* ജവഹർ ഭവനപദ്ധതിയുടെ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന ലോൺ തുകയായ ₹3611831.00 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

* 2017-18 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 320300199 ഹെഡിലെ ബാധ്യത-₹1512500.00 യഥാർത്ഥ ബാദ്ധ്യത അല്ല. ജില്ല പഞ്ചായത്ത് വിഹിതം ചെലവ് ചെയ്ത ശേഷം ബാദ്ധ്യത ഹെഡിൽ നിന്നും ഇൻകം ഹെഡിലേക്ക് തുക ജേണൽ എൻട്രി നടത്താത്തതിനാൽ ബാദ്ധ്യതയായി തുടരുന്നു. ഹെഡിലെ യഥാർത്ഥ ബാദ്ധ്യത 12500.00 ആണ്.

* 2017-18 ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 320900101 ഹെഡിലെ ബാദ്ധ്യത കൊടുത്തിരിക്കുന്നത് ₹248485.00 എന്നാണ്. എന്നാൽ, യഥാർത്ഥ ബാദ്ധ്യത ₹308459.00യാണ്.

* 2017-18 വർഷം ജില്ല പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതം ₹1585000.00 പകരം തെറ്റായി മറ്റ് ശീർഷകത്തിലാണ് വരവെടുത്തിരിക്കുന്നത്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി 23.53 ലക്ഷം കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകൾ പ്രകാരം ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശിക 930557/- രൂപയും ഗാർഹികേതര കെട്ടിടങ്ങളുടെ കുടിശിക 1422424/- രൂപയുമാണ്. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ സഞ്ചയ ഡിമാന്റ് കളക്ഷൻ ബാലൻസ് റിപ്പോർട്ട് പ്രാകരം യഥാക്രമം 362265/- രൂപയും 897699/- രൂപയും. 2017-18 സാമ്പത്തിക വർഷം വരെ ഗണ്യമായ തുക കുടിശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു(സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള 2018-19ലെ കുടിശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത്).

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് | ഉപയോഗക്രമം | 31.3.2018 കുടിശിക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/341 | പ്രസിഡണ്ട്, എസ്.എൻ.ഡി.പി, മുല്ലക്കാനം | ഓഫീസ് | 7821 | 2012-13 മുതൽ |
| 2 | 1/342 | പ്രസിഡണ്ട്, കസ്തൂർബ മഹിളാസംഘം, കൊച്ചുമുല്ലക്കാനം | വാണിജ്യം | 6125 | 2013-14 മുതൽ |

| | | | | | |
|---|---|---|---|---|---|
| 3 | 2/25 | വി.സി കെച്ചത്രേസ്യ, അനവില്ല, മുല്ലക്കാനം | വാണിജ്യം | 4638 | 2014-15 മുതൽ |
| 4 | 4/338എ | പി.റ്റി.കുര്യൻപള്ളത്ത്, രാജാക്കാട് | വാണിജ്യം | 27216 | 2013-14 മുതൽ |
| 5 | 4/312എ | പി.ജെ.തോമസ്, പതിപ്പള്ളിൽ, രാജാക്കാട് | വാണിജ്യം | 26913 | 2013-14 മുതൽ |
| 6 | 4/357 | ജില്ല പോലീസ് സൂപ്രണ്ട്, ഇടുക്കി പൈനാവ് | പാർപ്പിടം | 8166 | 2012-13 മുതൽ |
| 7 | 4/360 | ജില്ല പോലീസ് സൂപ്രണ്ട്, ഇടുക്കി പൈനാവ് | പാർപ്പിടം | 8166 | 2012-13 മുതൽ |
| 8 | 4/172 | ജോമിഷ്, ഇളംപ്ലാക്കാട്ട്, രാജാക്കാട് | ഓഫീസ് | 7459 | 2015-16 മുതൽ |
| 9 | 4/312ജി | പി.ജെ.തോമസ്, പതിപ്പള്ളിൽ, രാജാക്കാട് | വാണിജ്യം | 7234 | 2013-14 മുതൽ |
| 10 | 4/32 | എബിസൺ, കാക്കനാട്ട് | പാർപ്പിടം | 4737 | 2012-13 മുതൽ |
| 11 | 4/259 | നാരായണൻ, പുൽക്കയത്ത് | വാണിജ്യം | 4244 | 2013-14 മുതൽ |
| 12 | 5/194എ | താജ്മോൻ, പെരുമ്പേൽ, എൻ.ആർ.സിറ്റി | വാണിജ്യം | 10426 | 2013-14 മുതൽ |
| 13 | 5/194ഇ | താജ്മോൻ, പെരുമ്പേൽ, എൻ.ആർ.സിറ്റി | വാണിജ്യം | 6363 | 2014-15 മുതൽ |

| | | | | | |
|---|---|---|---|---|---|
| 14 | 8/36 | സിനി, പഞ്ഞിക്കുന്നേൽ, മമ്മട്ടിക്കാനം | വാണിജ്യം | 5218 | 2012-13 മുതൽ |
| 15 | 10/215 | അസിസ്റ്റൻറ് കമ്മീഷണർ, കൊമേഴ്സ്യൽ ഡിപ്പാർട്ട്മെൻറ്, ദേവികുളം | ഓഫീസ് | 33399 | 2012-13 മുതൽ |
| 16 | 10/111 | റോസമ്മ മാത്യു, ചിറ്റടിയിൽ | വാണിജ്യം | 17385 | 2013-14 മുതൽ |
| 17 | 10/380 | ഷിൽജ ഇ, കവുംങ്ങുംമറ്റത്തിൽ | പാർപ്പിടം | 9908 | 2012-13 മുതൽ |
| 18 | 10/30ബി | എം. ജനാർദ്ദനൻ, നീലിയാനിക്കുന്നേൽ, രാജാക്കാട് | വാണിജ്യം | 8580 | 2013-14 മുതൽ |
| 19 | 10/34ഇ | ബെന്നി.പി.റ്റി, പതിപ്പള്ളിൽ,രാജാക്കാട് | വാണിജ്യം | 7234 | 2013-14 മുതൽ |
| 20 | 10/83 | വി കെ രാമൻകുട്ടി, വരിയ്ക്കാതറപ്പേൽ | വാണിജ്യം | 6930 | 2013-14 മുതൽ |
| 21 | 10/371എ | രവി വി റ്റി, വരമ്പുപ്ലാക്കൽ, രാജാക്കാട് | വാണിജ്യം | 6915 | 2013-14 മുതൽ |
| 22 | 10/44 | പ്രവീൺ സായി, സായി സദനം | വാണിജ്യം | 6564 | 2014-15 മുതൽ |
| 23 | 10/116എ | അനിൽ.റ്റി.കെ, തെങ്ങുംകുടിയിൽ, രാജാക്കാട് | വാണിജ്യം | 6270 | 2013-14 മുതൽ |
| 24 | 10/334 | പുഷ്പജൻ, വാളിപ്ലാക്കൽ | പാർപ്പിടം | 5791 | 2014-15 മുതൽ |

| | | | | | |
|---|---|---|---|---|---|
| 25 | 10/425എ | ബിനോയ് മാത്യു, മുത്തനാട്ട്, രാജാക്കാട് | വാണിജ്യം | 4410 | 2013-14 മുതൽ |
| 26 | 10/40എ | ഷിബു എന്ന കുഞ്ഞുമോൻ, നീലയാനിക്കുന്നേൽ, രാജാക്കാട് | വാണിജ്യം | 4404 | 2017-18 മുതൽ |
| 27 | 10/467എ | ഷൈമോൻ, ഇക്കരക്കുടിയിൽ, രാജക്കാട് | പാർപ്പിടം | 4356 | 2012-13 മുതൽ |
| 28 | 10/84 | വി കെ രാമൻകുട്ടി, വരിക്ക്ലാതറപ്പേൽ | വാണിജ്യം | 4062 | 2013-14 മുതൽ |
| 29 | 11/192 | ജോജി മാത്യു, ചക്കുപുരക്കൽ, പെരിന്തൽമണ്ണ | ഓഫീസ് | 8875 | 2012-13 മുതൽ |
| 30 | 11/244എം | ജോർജ് ജോൺ, കാര്യത്ത്, മൂന്നാർ | റിസോർട്ട് | 8620 | 2014-15 മുതൽ |
| 31 | 11/51ബി | കുട്ടപ്പൻ, വെള്ളറയിൽ, കള്ളിമാലി, മമ്മട്ടിക്കാനം | വാണിജ്യം | 8469 | 2013-14 മുതൽ |
| 32 | 11/208ഡി | സിജു പി എം, പെരികിനാലിൽ, രാജാക്കാട് | വാണിജ്യം | 8469 | 2015-16 മുതൽ |
| 33 | 11/132 | പ്രസിഡൻറ്, ധനലക്ഷ്മി എസ് എച്ച് ജി, കള്ളിമാലി | ഓഫീസ് | 7516 | 2013-14 മുതൽ |
| 34 | 11/140 | പ്രസിഡന്റ്, ധനജ്യോതി എസ് എച്ച് ജി 26.2003, കള്ളിമാലി | ഓഫീസ് | 6837 | 2012-13 മുതൽ |
| 35 | 11/244എൻ | ജോർജ് ജോൺ, കാര്യത്ത്, മൂന്നാർ | റിസോർട്ട് | 4310 | 2014-15 മുതൽ |

| | | | | | |
|---|---|---|---|---|---|
| 36 | 11/51 | പ്രസിഡന്റ്, ധനശ്രീ സ്വയം സഹായസംഘം | ഓഫീസ് | 4282 | 2012-13 മുതൽ |
| 37 | 13/34 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സിവിൽ സബ് ഡിവിഷൻ | ഓഫീസ് | 17469 | 2012-13 മുതൽ |
| 38 | 13/44 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സിവിൽ സബ് ഡിവിഷൻഓഫീസ് | ഓഫീസ് | 12264 | 2012-13 മുതൽ |
| 39 | 13/45 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സിവിൽ സബ് ഡിവിഷൻ | ഓഫീസ് | 10919 | 2012-13 മുതൽ |
| 40 | 13/48 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സിവിൽ സബ് ഡിവിഷൻ | ഓഫീസ് | 8229 | 2012-13 മുതൽ |

കുടിശികക്കാരായ വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203(15), 209ഇ വകുപ്പുകൾ പ്രകാരമുള്ള പിഴപ്പലിശ സഹിതം വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സഞ്ചയ, സാംഖ്യ സോഫ്റ്റ് വെയറുകളിൽ തയ്യാറാക്കിയ വസ്തുനികുതിയുടെ ഡിമാന്റ്-കളക്ഷൻ – ബാലൻസ് കണക്കുകളിലെ വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്. വസ്തുനികുതി, കുടിശിക കൂടാതെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിലെ ശുദ്ധീകരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുമാണ്.

## 2-2 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

താഴെ പട്ടികയിൽ പരാമർശിക്കുന്ന കുത്തകക്കാർ തൻവർഷം കുടിശ്ശിക വരുത്തിയതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽനിന്ന് വ്യക്തമായിട്ടുണ്ട്.

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നം | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി ലിമിറ്റഡ് | ഷോപ്പിംഗ് കോംപ്ലക്സ് – 3,4 | വാടക നിശ്ചയിക്കുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. | | |
| 2 | രമേശ് രാജനട, മുക്കടിൽ | ഷോപ്പിംഗ് കോംപ്ലക്സ് മുറി നം 10 | 893 | 12 മാസം(4/2017 മുതൽ 3/2018 വരെ) | 10716.00 |
| 3 | അമ്പിളി ഉല്ലാസ് | വനിതാ ബിൽഡിംഗ് മുറി നം 1 | 2481 | 7 മാസം (9/2017 മുതൽ 3/2018 വരെ) | 17367.00 |
| 4 | രഞ്ജിത്ത് കുമാർ ഇ.എം | ഷോപ്പിംഗ് കോംപ്ലക്സ് മുറി നം 8 | 2000 | 12 മാസം(4/2017 മുതൽ 3/2018 വരെ) | 24000.00 |

വാടക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) സമർപ്പിച്ച മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം 2,3,4 പ്രകാരമുള്ള വാടകക്കാരുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാൽ റവന്യൂ റിക്കവറി നടപടികളിലൂടെ വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.ക്ക് അനുവദിച്ച മുറികളുടെ വാടക നിശ്ചയിച്ച് കരാറിൽ ഏർപ്പെടേണ്ടതും കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡി & ഒ ട്രേഡ് ലൈസൻസ് എടുക്കുന്നതിന് ബാദ്ധ്യസ്ഥരായ മിക്ക സ്ഥാപനങ്ങളും ഒഴിവാകുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. നികുതി വരവുകളുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറായ സഞ്ചയയിൽ ക്രോഡീകരിച്ച വിവരങ്ങളനുസരിച്ച് 1206 കെട്ടിടങ്ങൾ ഗാർഹികേതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ 308 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് എടുക്കുന്നതിന് ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അവ ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികവർഗ്ഗ ഉപപദ്ധതി -അനുവദിച്ച ഫണ്ട് ചെലവഴിച്ചിട്ടില്ല.

പട്ടികവർഗ്ഗ വിഭാഗത്തിനായി തൻവർഷത്തെ സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി 46000.00 രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക വകയിരുത്തി ഒരു പ്രോജക്ട് മാത്രമാണ് ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്തത്. എന്നാൽ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന ആവിഷ്കരിച്ച വീട് മെയിന്റനൻസ് എന്ന പ്രസ്തുത പ്രോജക്ട് (പ്രോജക്ട് നം. 120/2017-18) നടപ്പാക്കാത്തതിനാൽ സർക്കാർ അനുവദിച്ച തുക ലാപ്സായി. 14.07.2017 ലെ ഊരുകൂട്ട യോഗത്തിൽ വീട്, വീട് മെയിന്റനൻസ്, ആട് വളർത്തൽ, തയ്യൽ മെഷീൻ, കാട് വെട്ട് യന്ത്രം എന്നിവയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് നിർദ്ദേശങ്ങൾ ഉയർന്നിരുന്നുവെങ്കിലും വാർഷികപദ്ധതി രൂപീകരണവേളയിൽ അവ നടപ്പായില്ല. സാമ്പത്തികമായും സാമൂഹ്യമായും ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തെ മുൻനിരയിലെത്തിക്കുന്നതിന് അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പകരം പ്രായോഗികതയില്ലാത്തവ അടിച്ചേൽപ്പിക്കുന്നതു വഴി യഥാർത്ഥ ലക്ഷ്യമാണ് തമസ്കരിക്കപ്പെടുന്നത്. ഇത്തരം വീഴ്ചകൾ ആവർത്തിക്കപ്പെടാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 അസി.എൻജിനിയറുടെ പ്രോജക്ടുകൾ-ആസൂത്രണം ചെയ്തവ 82 നടപ്പാക്കിയത് 48

അസി.എൻജിനീയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 82 പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും അവയ്ക്ക് വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ 19 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. എന്നാൽ 36 പുതിയ പ്രോജക്ടുകളുൾപ്പടെ കേവലം 48 പ്രോജക്ടുകളാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വയ്ക്കുന്നതുവഴി പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, എന്നാൽ സാങ്കേതികവിഭാഗം ജീവനക്കാരുടെ പരിമിതമായ മനുഷ്യശേഷിയും സമയവും വിനിയോഗിച്ച് അവ യഥാസമയം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. ഇത്തരത്തിലുള്ള പദ്ധതി നിർവ്വഹണത്തിന്റെ

ആത്യന്തികമായ നഷ്ടം പേറേണ്ടി വരുന്നത് പശ്ചാത്തല സൗകര്യത്തിന്റെ അഭാവംമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾ തന്നെയാണ്. അനുദിനം കമ്പോളത്തിൽ നിർമാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതുമൂലം പ്രോജക്ടുകൾ തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ പൂർത്തിയാക്കേണ്ടി വരുന്നത് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത കാര്യമാണ്. കൂടാതെ അതാത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. പഞ്ചായത്തിന്റെയും സർവോപരി ജനങ്ങളുടെയും ഉത്തമസാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകൾ സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 അസി.എൻജിനിയറുടെ അക്കൗണ്ടിലെ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് സർക്കാരിലേക്ക് അടവാക്കിയില്ല

നോൺ-ബാങ്കിംഗ് ട്രഷറി മുഖേന പദ്ധതി പണമിടപാടുകൾ നടത്തേണ്ടി വരുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് ആയിരം രൂപയ്ക്ക് മുകളിലുള്ള വിനിമയങ്ങൾ ഡി.ഡി മുഖേനയാക്കുന്നതിന് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് തുറക്കുവാൻ സർക്കാർ അനുവാദം നൽകിയിരുന്നു.(ധനകാര്യവകുപ്പിന്റെ 12.4.2006-ലെ ജി.ഒ(പി) 177/2006 നമ്പർ ഉത്തരവ് കാണുക.). സർക്കാർ ധനം പിൻവലിച്ച് പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ പരമാവധി 30ദിവസം വരെ മാത്രമാണ് നിലനിർത്താവുന്നത്. ഒരു മാസത്തിനുശേഷം വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പ്രസ്തുത സാമ്പത്തികവർഷം തന്നെ തിരിച്ചടയ്ക്കുന്ന പക്ഷം പിൻവലിച്ച അതേ അക്കൗണ്ടിലേക്കും സാമ്പത്തികവർഷത്തിനുശേഷമാണെങ്കിൽ സർക്കാരിന്റെ സഞ്ചിതനിധിയിലേക്കും തിരിച്ചടയ്ക്കണമെന്നായിരുന്നു 2015 മാർച്ച് 31 വരെ നിലനിന്ന വ്യവസ്ഥ. ഈ നിബന്ധനയനുസരിച്ച് പ്രസ്തുത അക്കൗണ്ടിൽ ശേഷിക്കാവുന്ന പരമാവധി തുക അക്കൗണ്ട് തുറക്കാൻ ചെലവഴിച്ച 500/-രൂപ മാത്രമാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനിയർ മേൽ പ്രസ്താവിച്ച ആവശ്യത്തിന് ആരംഭിച്ച അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തിയിട്ടുണ്ട്.

| ബാങ്ക് ശാഖ | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| SBI രാജകുമാരി ശാഖ | 67054891803 | 2,50,661 | 28.3.2018 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം (ഇതിൽ ₹176848/- മുൻ വർഷങ്ങളിൽ കേന്ദ്ര സർക്കാരിലേയ്ക്ക് ഒടുക്കുവാൻ ഈടാക്കിയ സേവന നികുതിയും ഉൾപ്പെടും) |

നിലവിൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സമ്പ്രദായം മുഖേന (NEFT, EFMS) പണമിടപാടുകൾ നടത്തുന്നതിനാൽ പ്രസ്തുത അക്കൗണ്ട് തുടർന്നും നിലനിർത്തേണ്ട ആവശ്യമില്ലാത്തതാണ്. നിർജ്ജീവമായ സ്വകാര്യ അക്കൗണ്ടിൽ ദീർഘകാലം സർക്കാർ ധനം സൂക്ഷിക്കുന്ന നടപടി ഏറെ ക്രമക്കേടുകൾക്ക് വഴിവെയ്ക്കുമെന്നതിനാൽ അത് അടിയന്തിരമായി ക്ലോസ് ചെയ്ത് നീക്കിബാക്കി തുക സർക്കാരിലേക്ക് (സേവന നികുതി കേന്ദ്ര സർക്കാരിലേയ്ക്ക്) ഒടുക്കേണ്ടതാണ്.

## 3-4 റോഡ് ടാറിംഗ് പ്രവൃത്തികൾ- ബാരൽ വില പൂർണ്ണമായും ഈടാക്കിയില്ല.

2014-ലെ ഡി.എസ്.ആർ പ്രകാരം, റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സീൽഡ് ബിറ്റുമിന്റെ നിരക്ക്

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നപക്ഷം കാലി ബാരലിന്റെ നികുതി ഉൾപ്പെടെയുള്ള വില കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്(ക്രമ നം. 2009 കാണുക). എന്നാൽ 2017-18-ൽ പൂർത്തിയായ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ബാരൽ വില പൂർണമായി ഈടാക്കാതെയാണ് കരാറുകാർക്ക് പ്രതിഫലം നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ബിൽ നം.<br>തുക-തീയതി | ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് തുക |
|---|---|---|---|---|---|
| പ്രോജക്ട്-കല്ലുങ്ക് സിറ്റി റോഡ് ടാറിംഗ്. | 40/17-18<br>തീ.27.3.18<br>₹397304, | 10 | വില@236/ ബാരൽ<br>2360<br>ജി.എസ്.ടി-18%<br>424/-<br>ആകെ 2784/- | 2360 | 424 |
| പ്രോജക്ട്-പൂക്കളംപടി അമ്പലപ്പടി റോഡ് ടാറിംഗ്<br>പ്രോജക്ട് നമ്പർ- 72/18<br>എൻ.ആർ.സിറ്റി കൈനിപ്പടിക്കൽ<br>റോഡ് ടാറിംഗ്<br>പ്രോജക്ട് നമ്പർ-66/18<br>തേങ്ങനാട്ട് അർച്ചനാപ്പടി റോഡ് ടാറിംഗ്<br>പ്രോജക്ട് നമ്പർ- 69/18<br>ചേലച്ചുവട് ഇടയോടിപ്പടി റോഡ് ടാറിംഗ്<br>പ്രോജക്ട് നമ്പർ- 106/18<br>പരപ്പനങ്ങാടി റോഡ് ടാറിംഗ്<br>(4-പ്രവൃത്തികൾ) | 41/17-18/31.03.18<br>₹69508,<br><br>54/17-18/<br>31.03.18<br>₹11000, | 58 | 16152<br>- | 13688 | 2464 |
| പ്രോജക്ട് നമ്പർ- 70/18<br>ഉണ്ടമല റോഡ് ടാറിംഗ് | 39/17-18,515686,27.3.18 | 12 | 3342/- | 2832 | 510 |
| പ്രോജക്ട് നമ്പർ- 23/18<br>ആനപ്പാറ റോഡ് ടാറിംഗ് | 52/17-18,447876,31.3.18 | 9 | 2506 | 2124 | 382` |
| ആകെ | | | | | 3780 |

ബാരൽ വിലയിനത്തിൽ സംഭവിച്ച കുറവു പരിശോധനാവേളയിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം.2) ₹3780/-ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് നികുതി വിഹിതങ്ങളുൾപ്പെടെയുള്ള ബാരൽവില ഭാവിയിൽ ഈടാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.1.2010 ലെ 58608/ഡി.ബി 2/2009 നമ്പർ സർക്കുലറിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയതനുസരിച്ച് ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കേണ്ടതും ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ്നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതുമാണ്.

രാജാക്കാട് ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമായിട്ടുണ്ട്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. നാളിതുവരെ ആർജ്ജിച്ചവയുടെ വിവരങ്ങൾ ക്രോഡീകരിച്ച് ആസ്തിരജിസ്റ്ററുകൾ പുതുക്കി സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകി

| | |
|---|---|
| പദ്ധതി | ഓട്ടോറിക്ഷാ വിതരണം(വനിത) |
| പദ്ധതി-നം. | 105/17-18 |
| അടങ്കൽ തുക | ₹11,50,000 |
| വികസന ഫണ്ട് | ₹1,50000 |
| ഗുണ.വിഹിതം | ₹11,00000 |
| ബിൽ നം.തുക,തിയതി | 5/17-18,₹30,000/- 28.12.18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

5 വനിതകൾക്ക് സ്വയം തൊഴിൽ ആവശ്യത്തിന് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ₹30,000/- വീതം വികസന ഫണ്ടിൽ നിന്നും ₹2,20,000/- വീതം ഗുണ.വിഹിതവും വകയിരുത്തി ആസൂത്രണം ചെയ്ത പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് മാത്രമാണ് ₹3,0000/- ധനസഹായം അനുവദിച്ചത്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്) നം.80/17 /ത.സ്വ.ഭ.വ.തീയതി.3.4.2017 പ്രകാരമുള്ള 2017-18 പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ

ഖണ്ഡിക 8-7 (4) അനുസരിച്ച്, ഒട്ടോറിക്ഷാ വാങ്ങുവാൻ പൊതു വിഭാഗത്തിന് അനുവദിക്കാവുന്ന ₹30,000/-,ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേയ്ക്കാണ് നൽകേണ്ടത്. എന്നാൽ ടി തുക വാഹനം വിതരണം ചെയ്ത ഏജൻസിയായ തൊടുപുഴ എസ്.എം.എൽ മോട്ടോഴ്സിന് നേരിട്ട് നൽകി.

2.ഓട്ടോറിക്ഷയുടെ വില ഇൻവോയ്സ് നം.എ-468 തീ.1.12.17 പ്രകാരം ജി.എസ്.റ്റി ഉൾപ്പെടെ ₹2,10,141/- മാത്രമാണ്. വാഹനം വാങ്ങുന്നതിന് യൂണിയൻ ബാങ്ക്, രാജകുമാരി ശാഖ ₹1,99,000/- വായ്പ അനുവദിച്ചിരുന്നു. ടി തുകയുൾപ്പടെ ₹ 2,29,000/- തൊടുപുഴ എസ്.എം.എൽ മോട്ടോർസിന് നൽകി. തദ്വാരാ വാഹന വിലയേക്കാൾ ₹18,859/- ഏജൻസിക്ക് അധികമായി അനുവദിച്ചു. അനുവദനീയമായ സബ്സിഡി തുക നൽകിയിട്ടുണ്ടെങ്കിലും അധികം നൽകിയ തുക ഗുണഭോക്താവിന്റെ വായ്പ അക്കൗണ്ടിൽ ക്രമീകരിക്കുകയോ, വരവ് വെയ്ക്കുകയോ ചെയ്തിട്ടില്ല. സബ്സിഡി നൽകിയ തുക ഗുണഭോക്താവിന്റെ വായ്പ അക്കൗണ്ടിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-7 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പാലിയേറ്റീവ് കെയർ, സ്നേഹസ്പർശം എന്നീ പ്രോജക്ടുകളിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ സ്ഥാപനം വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| എസ്039/18 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തിരുവനന്തപുരം | 62760 | NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 26.2.2018-ൽ ട്രാൻസ്ഫർ ചെയ്തു. | ------- | 62760 |
| എസ്039/18 | | 450000 | | ------- | 450000 |
| ആകെ | | | | | 512760 |

വയോജനങ്ങൾക്കുള്ള " സ്നേഹസ്പർശം, പാലിയേറ്റീവ് കെയർ" എന്നിവ പോലെയുള്ള പ്രോജക്ടുകൾക്കു വേണ്ടതായ അവശ്യ മരുന്നുകൾ യഥാസമയം ലഭിക്കാത്ത സാഹചര്യം സാധുക്കളായ രോഗികൾക്ക് അവരുടെ ജീവിത സായാഹ്നത്തിൽ എത്തിക്കേണ്ട ഏറ്റവും അനുതാപപൂർണമായ പരിചരണം നൽകുവാൻ വലിയ തടസ്സമാണ് സൃഷ്ടിക്കുന്നത്. ജീവൻരക്ഷാ മരുന്നുകൾ യഥാസമയം ലഭ്യമാക്കാനാവാത്ത അവസ്ഥ സ്വാഭാവികനീതി നിഷേധത്തിനു തുല്യമാകയാൽ അത് ഒട്ടുംതന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. ഇൻവോയിസിൽ ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കൈമാറിയ ₹512760/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പെട്ടിക്കട-പ്രോജക്ട് നിർവ്വഹണത്തിലെ

അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :-ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ചെലവ് :- 2,87,950/-(വികസന ഫണ്ട് പൊതു വിഭാഗം)

ബിൽ നം.1/2017-18 പണമാക്കിയ തീയതി.28.6.2017

ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പെട്ടിക്കടകൾ നിർമ്മിച്ചു നൽകുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. ഈ പ്രകാരം ₹22150/-മൂല്യമുള്ള പെട്ടിക്കടകൾ നിർമ്മിച്ച് 13 വ്യക്തികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുന്നതിന് മുദ്രപ്പത്രങ്ങൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പെട്ടിക്കടകളുടെ സദുപയോഗം, ഉടമസ്ഥാവകാശത്തിന്റെ അനധികൃത കൈമാറ്റം തടയൽ , തുടങ്ങിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ല. കൂടാതെ, അനുവദിക്കപ്പെട്ട ആസ്തികളുടെ ഫലപ്രദമായ ഉപയോഗം സാധ്യമാകുന്നു എന്ന് ഉറപ്പാക്കാനുതകും വിധമുള്ള രേഖകൾ- പെട്ടിക്കടകളിൽ ആരംഭിച്ച ചെറുകിട സംരംഭത്തിന്റെ വിവരങ്ങൾ, ഫോട്ടോകൾ തുടങ്ങിയവ- ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആകയാൽ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട, ജനവിഭാഗത്തിന്റെ സാമ്പത്തിക സ്വയംപര്യാപ്തത വിഭാവനം ചെയ്ത് നടപ്പാക്കിയ പ്രോജക്ട് ലക്ഷ്യം കൈവരിച്ചുവോയെന്ന് ഉറപ്പാക്കാനാവാത്ത സാഹചര്യമാണുള്ളത്. ആകയാൽ ചെലവു തുക (287950/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൈമാറിയ പെട്ടിക്കടകളുടെ നിലവിലെ അവസ്ഥ, ഉപയോഗം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 എൻ.ആർ.ഇ.ജി.എസ്- നിർമാണപ്രവൃത്തികൾക്ക് സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ഈടാക്കിയ വാറ്റ് സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല.

2017 ജൂലൈ മാസം 1-ാം തീയതിക്കുമുൻപ് എൻ.ആർ.ഇ.ജി.എസ് മുഖേന പൂർത്തിയാക്കിയ 17 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റൽ, മണൽ, സിമന്റ് മുതലായ സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽനിന്ന് വാറ്റ് ഇനത്തിൽ ഈടാക്കിയ ₹272792/-നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കരാറുകാരുടെ പേര് | ഈടാക്കിയ തുക ₹ |
|---|---|
| ഷാബു | 64464 |
| സജിമോൻ | 207828 |
| ആകെ | 272792 |

ഈടാക്കിയ വാറ്റ് തുക ₹272792/- സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 പശ്ചിമ ഘട്ട വികസന പദ്ധതി

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മൂന്ന് വാട്ടർ ഷെഡുകളിലെ കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്കായി പശ്ചിമ ഘട്ട വികസന പദ്ധതി പ്രകാരം ലഭിച്ച ഗ്രാന്റിൽ നീക്കിയിരിപ്പായി ₹15,61,054/- ബാങ്കിൽ അവശേഷിക്കുന്നു. നീക്കിയിരിപ്പിന്റെ വിശദാംശം താഴെ നൽകുന്നു.

| ക്രമ നം | വാട്ടർ ഷെഡ് | അക്കൗണ്ട് നം.& ബാങ്ക് | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|
| 1 | പന്നിയാർകുട്ടി | ക്ലോസ് ചെയ്തു | |
| 2 | വലിയകണ്ടം | 9347 കോ-ഓപ്പറേറ്റീവ് ബാങ്ക് രാജാക്കാട് | 12645 |

| | | | |
|---|---|---|---|
| | | 9016 കോ-ഓപ്പറേറ്റീവ് ബാങ്ക് രാജാക്കാട് | 125409 |
| 3 | രാജാക്കാട് | Spl. TSB-2 സബ് ട്രഷറി രാജാക്കാട് | 1423000 |
| ആകെ | | | 1561054 |

പന്നിയാർകുട്ടി നീർത്തടത്തിലെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനാൽ അതിനുവേണ്ടി രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ ശേഷിച്ച 120586/-രൂപ കൃഷി ഓഫീസർ ചെക്ക് നം.000269/തീ.23.9.2017 പ്രകാരം ഗ്രാമപഞ്ചായത്തിന് തിരികെ നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക ഇതര നീർത്തടങ്ങളുടെ ആവശ്യത്തിന് വകമാറ്റുകയോ സർക്കാരിലേക്ക് തിരികെ അടയ്ക്കുകയോ ചെയ്യാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രത്യേക ആവശ്യം മുൻനിർത്തി സർക്കാർ അനുവദിക്കുന്ന ഗ്രാന്റുകൾ തനതു ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. ആയത് അടിയന്തിരമായി സമാന ആവശ്യത്തിന് തുറന്നിട്ടുള്ള അക്കൗണ്ടിലേക്ക് മാറ്റുകയോ, മറ്റു നീർത്തടങ്ങൾക്ക് ആവശ്യമല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

രാജാക്കാട് നീർത്തടത്തിന് 2015-16 വർഷം തുക അനുവദിക്കപ്പെട്ടുവെങ്കിലും നാളിതുവരെ യാതൊരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല. സർക്കാർ ധനം യഥാസമയം ചെലവഴിക്കാതെ ദീർഘകാലം സ്വകാര്യ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ഒട്ടുംതന്നെ ആശാസ്യമല്ലാത്തതിനാൽ അതിന്റെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2017-18 | 85000 | നെല്ലുല്പാദന ബോണസ് | 85000 | 0 |
| | | 1500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1500000 | 0 |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ ₹ | പലിശ ₹ | |
| ജവഹർ ഭവനപദ്ധതി | കത്ത് 300615/സി.ബി/1/ 15/ത.സ്വ.ഭ.വ തി. 11.11.2015 | 5200000 | 4900000 | 1288169 | 52000 | 3611831 |
| ഇ. എം. എസ്. ഭവനപദ്ധതി | സ.ഉ (സാധാ) 322/ 2010/ത.സ്വ.ഭ.വ തി. 29.01.2010 | 7468500 | 1493700 | 781333 | 00 | 712367 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 29 | 2003-04 | | കുടിവെള്ള പദ്ധതിക്ക് അധിക ചെലവ് | തൽസ്ഥിതി തുടരുന്നു |
| 2003-04 | 2.1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷി ക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ തിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2009-10 | ഖ.3-1 | വിക്രമൻപിള്ള (AE) | Lf 11041/ sp.cell/ csc1 dt 3/12/14 | 6100 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6100 | 0 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹76433665 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹80159933 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹800710 |

(ബി**)**. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | |
| ഇല്ല | | | |

**(സി)**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 512760 | ഡോ.ഗോപിനാഥൻ,<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

| | | |
|---|---|---|
| 3-8 | 287950 | ശ്രീ.കെ.റ്റി.മാത്യു, സെക്രട്ടറി |

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.റ്റി.മാത്യു.സെക്രട്ടറി | രാജാക്കാട് ഗ്രാമപഞ്ചായത്ത് | കൊച്ചുപുരയ്ക്കൽ<br>അടുക്കം പി.ഒ<br>കോട്ടയം |
| ഡോ.ഗോപിനാഥൻ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി),<br>സേനാപതി | മലയിക്കൽ വീട്<br>രാജാക്കാട് പി.ഒ<br>ഇടുക്കി. |

## 4-10 തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1965-66 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1966-67 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1967-68 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1968-69 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1969-70 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1970-71 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1972-73 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1973-74 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1975-76 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1976-77 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1978-79 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1979-80 | എൽ. എഫ്. ഐ-5-272/82/26.6.1982 | | |

| | | | |
|---|---|---|---|
| 1980-81 | എൽ. എഫ്. ഐ-5-1233/83/30.10.1983 | | |
| 1981-82 | എൽ. എഫ്. ഐ-5-163/89/31.7.1989 | | |
| 1982-83 | എൽ. എഫ്. ഐ-5-1036/85/5.7.1986 | | |
| 1983-84 | എൽ. എഫ്. ഐ-5-968/87/12.5.1987 | | |
| 1984-85 | എൽ. എഫ്. ഐ-5-914/87/21.8.1988 | | |
| 1985-86 | എൽ. എഫ്. ഐ-5-612/89/21.10.1989 | | |
| 1986-87 | എൽ. എഫ്. ഐ-5-616/91/2.8.1992 | | |
| 1987-88 | എൽ. എഫ്. ഐ-5-612/92/6.1.1995 | | |
| 1988-89 & 89-90 | എൽ. എഫ്. ഐ-5-399/94/14.11.1994 | | |
| 1990-91 & 91-92 | എൽ. എഫ്. ഐ-5-589/94/15.11.1995 | | |
| 1992-93 & 93-94 | എൽ. എഫ്. ഐ-5-56/95/28.3.1995 | | |
| 2000-01 | KSAIDK-12/1786/17 dt22/01/2018 | 1 | 29 |
| 2002-03 | KSAIDK-12/1786/17 dt22/01/2018 | 1 | 3-3 |
| 2003-04 | KSAIDK-12/1786/17 dt22/01/2018 | 1 | 2-2 |
| 2004-05 | KSAIDK-12/1786/17 dt22/01/2018 | 1 | 3-5 |
| 2006-07 | LFI/10/351/09dt10/11/09 | 11 | 2-,2-2,2-3,3-1,3-2,3-3,<br>3-4,3-5,3-6,3-7,3-8 |
| 2007-08 | LFI 12/10/12 Dt28/1/12 | 18 | 2-1,2-2,3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,<br>3-9,3-10,3-11,3-12,<br>3-13,3-14,3-15,3-16 |
| 2008-09 | LFI 12/153/2011dt 22/3/13 | 15 | 2-1,2-2,2-3,2-4,2-5,3-1,3-2,3-3,<br>3-4,3-5,3-6,3-7,3-8,3-9,3-10 |
| 2009-10 | LFI 12/1379/12 dtb 5/6/14 | 14 | 2-1,2-2,2-3,2-4,2-5,2-6,2-7,2-8,<br>3-1,3-2,3-3,3-4,3-5,3-6 |
| 2010-11 &<br>2011-12 | LFI 12/1144/2014 DT1/6/15 | 8 | 2-1,2-2,2-3,3-1,3-2,3-3,3-4,3-5 |
| 2012-13 | KSA-IDK 12/1480/2015 dt 4/3/16 | 14 | 2-1,2-2,2-3,3-1,3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,3-11 |
| 2013-14 | KSAIDK 12/915/15 dt 26/10/15 | 13 | 2-1,2-2,2-3,2-4,2-5,3-1,3-2, |

| | | | |
|---|---|---|---|
| | | | 3-3,3-4,3-5,3-6,3-7,3-8 |
| 2014-15 | KSAIDK 12/943/2016 dt 25/10/16 | 4 | 2-1,3-3,3-4,3-5 |
| 2015-16 | KSAIDK 12/492/2017 dt18/04/17 | 7 | 2-1,2-2,3-1,3-2,3-3,3-4,3-5 |
| 2016-17 | KSA-IDK12/210/18 dt 22/03/18 | 13 | 2-1,2-2,2-3,2-4,2-5,2-6,2-7, 2-8,3-1,3-2,3-3,3-4,3-5s |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-12/1314/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി:10.12.2018
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി